MONDAY തിങ്കളാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/12/2023

1. കാർഷികപ്പെരുമയുടെ നേർക്കാഴ്ച ഒരുക്കി 14 ആമത് ഓണാട്ടുകര കാർഷികോത്സവം 2023 ഡിസംബർ 27മുതൽ 31വരെ ആലപ്പുഴ ജില്ലിയലെ ആവണി ഗ്രൗണ്ട് പറയംകുളം ചാരുമൂട് വച്ച് നടത്തപ്പെടുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശനം, കന്നുകാലി പ്രദർശനം, കാർഷിക സ്റ്റാളുകൾ, കാർഷിക സെമിനാർ, കാർഷിക മത്സരം, നാടൻ ഭക്ഷ്യമേള, വിദ്യാർത്ഥികളുടെ ക്വിസ് മത്സരം, സർക്കാർ സർക്കാരേതര സ്റ്റാളുകൾ, കലാ-സാംസ്കാരിക സായാഹ്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446513771, 9447430589 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ വച്ച് ഡിസംബർ 28, 29, 30 തീയതികളിൽ 11 മണി മുതൽ 8 മണി വരെ ഒരു ചെറുധാന്യമത്സ്യമേള സംഘടിപ്പിക്കുന്നു. ചെറുധാന്യങ്ങളുടെ പോഷക മൂല്യആരോഗ്യഗുണങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് മേളയുടെ ലക്ഷ്യം. ഇതോടനുബന്ധിച്ച് ചെറുധാന്യമത്സ്യ ഭക്ഷ്യമേളയും ചെറുധാന്യമത്സ്യ വില്പനയും, ചെറുധാന്യങ്ങളുടെ പാചക മത്സരവും ഉണ്ടായിരിക്കുന്നുതാണ്.

3. കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷന്റെ കിഴക്കേക്കോട്ടയിലുള്ള അഗ്രോ സൂപ്പർ ബസാറിൽ കാർഷിക ഉത്പന്നങ്ങളും,. കാർഷികയന്ത്രങ്ങളും സ്റ്റോക്ക് ക്ലിയറൻസിന്റെ ഭാഗമായി വമ്പിച്ച വിലക്കുറവിൽ വിറ്റഴിക്കുന്നു മെഗാ ഡിസ്കൗണ്ട് മേള ആഗ്രോ സൂപ്പർ ബസാറിൽ ആരംഭിച്ചു. 70% വരെ വിലക്കുറവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ അവസരം കർഷകർ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യന്ത്രങ്ങളും ഉപകരണങ്ങളും സ്വന്തമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9562941221, 9048920261 എന്നീ ഫോൺ നമ്പരുമായി ബന്ധപ്പെടുക.

4. മത്സ്യവകുപ്പിന്റെ സോഫ്റ്റ്‌വെയറായ FIMS (ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) ഇനിയും രജിസ്റ്റർ ചെയ്യാത്ത ക്ഷേമനിധി അംഗത്വമുള്ള മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും, പെൻഷണർമാരും അതാത് മത്സ്യബോർഡ് ഫിഷറീസ് ഓഫീസുമായി ബന്ധപ്പെട്ട് ഡിസംബർ 31നകം തന്നെ FIMS ൽ (ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) അവരുടെ പേരു വിവരങ്ങൾ രജിസ്റ്റർ ചെയ്യണം. ഇതിനായി മത്സ്യത്തൊഴിലാളി പാസ്ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക്, ആശ്രിതരുടെ ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം ചുമതലയുള്ള ഫിഷറീസ് ഓഫീസറുമായി ബന്ധപ്പെടണം. പെൻഷൻ കൈപ്പറ്റിയവർ പെൻഷൻ പാസ്ബുക്ക് ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ 12 അക്ക FIMS ID നമ്പർ ലഭിച്ചവരും, മത്സ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവരും വീണ്ടും FIMS ൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല എന്നും മത്സ്യബോർഡ് കമ്മിഷണർ അറിയിച്ചു.

5. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ 2023- 24 പദ്ധതി പ്രകാരം കിസാൻ മേള, നാട്ടുപച്ച കാർഷിക പ്രദർശന വിപണമേള 2024 ജനുവരി 3,4,5,6 തീയതികളിൽ കൊണ്ടോട്ടി മേഴ്സി ഹോസ്പിറ്റലിന് എതിർവശത്ത് വച്ച് നടത്തുന്നു. ഇതോടനുബന്ധിച്ച് കാർഷിക പരിശീലന ക്ലാസുകൾ, അത്യുല്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ, ജൈവവളങ്ങൾ, കാർഷിക, മൂല്യ വർദ്ധന, സംസ്കരണ, പാക്കിംഗ് ക്ഷീര കാർഷിക മേഖലയിലെ യന്ത്രങ്ങളുടെ പ്രദർശനവും വിപണനവും രജിസ്ട്രേഷനും,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കുടുംബശ്രീ ഉൽപ്പന്നങ്ങൾ, ഭാരതീയ പ്രകൃതി കൃഷി ഉൽപ്പന്നങ്ങൾ, പഴവർഗ്ഗങ്ങൾ, അലങ്കാര ചെടികൾ എന്നിവയുടെ തൈകൾ, മൺചട്ടി നിർമ്മാണം, കരകൗശല വസ്തുക്കളുടെ പ്രദർശനവും വിപണനവും കൂൺ കഫെ, അലങ്കാര കോഴികളുടെ പ്രദർശനം വിപണനം, കാർഷിക ക്ലിനിക്, പുത്തൻ - നാടൻ രുചികളുമായി ഫുഡ് കോർട്ടും ഉണ്ടായിരിക്കും.

6. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ സർക്കാർ ഹാച്ചറി കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങളെ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0475 – 2292899

**പരിശീലന പരിപാടി**

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 27, 28 തീയതികളിൽ പശു വളർത്തലിൽ പരിശീലനം നൽകുന്നു. കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലെ താൽപര്യമുള്ള കർഷകർ ഡിസംബർ 26നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 04972 763473 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം